# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മോണോറയിൽ പദ്ധതി</u>

1207 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോറയിൽ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കുള്ള സ്ഥലമെടുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കുമോ;

(സി) മോണോറയിൽ പദ്ധതിക്ക് കഴിഞ്ഞ ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; ഈ തുക ചെലവഴിക്കുകയുണ്ടായോ;

(ഡി) നിർദ്ദിഷ്ട പദ്ധതി എന്ന് ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് എങ്ങിനെയാണ് സ്വരൂപിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>കോഴിക്കോട് മോണോ റെയിൽ പദ്ധതി</u>

1208 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോ റെയിൽ വിമാനത്താവളം വരെ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് മോണോ റെയിലിന്റെ പണി എന്ന് തുടങ്ങുമെന്നും കോഴിക്കോട് വിമാനത്താവളം വരെ അതു നീട്ടാൻ നടപടി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

2012-13 വര്‍ഷത്തെ ബജറ്റില്‍ പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കാതെ പോയതുമായ പദ്ധതികള്‍

1209 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 വര്‍ഷത്തെ ബജറ്റില്‍ പ്രഖ്യാപിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാന്‍ കഴിയാതെ പോയത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികള്‍ക്ക് എന്ത് തുകയാണ് ബജറ്റില്‍ വകയിരുത്തിയിരുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

പദ്ധതിയിനത്തിൽ ചെലവഴിച്ച തുക

1210

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിൽ, പദ്ധതി പ്രവർത്തനത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര വീതമായിരുന്നു; ചെലവായത് എത്രയാണ്;

(ബി) പദ്ധതിയ്ക്ക് വകയിരുത്തിയതിലും കൂടുതൽ തുക ചെലവാക്കിയത് ഏതെല്ലാം ഹെഡ്ഡുകളിലുള്ള ഏതെല്ലാം തരം വർക്കുകൾക്കായിരുന്നു; വിശദമാക്കാമോ;

(സി) അധിക തുക ചെലവഴിക്കപ്പെട്ട പദ്ധതി ഹെഡ്ഡുകളും വകയിരുത്തപ്പെട്ടിരുന്ന തുകയും അധിക ചെലവും സംബന്ധിച്ച കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷത്തെ കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ഓരോ വർഷവും അധികചെലവിനിടയായ ഭരണാനുമതികൾ ഏതൊക്കെയായിരുന്നു; ഈ കാലയളവിൽ പൊതുമരാമത്ത് വർക്കുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് വഴിയും, നിരക്ക് കൂട്ടി കൊടുത്തതു വഴിയും ഉണ്ടായ അധിക ചെലവ് എത്രയായിരുന്നു?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ</u>

1211 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ രണ്ടു വർഷമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി വിജിലൻസ് പരിശോധനാ സംവിധാനവും, സോഷ്യൽ ഓഡിറ്റിംഗും കർശനമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദേശീയ പാതയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ</u>

1212 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ദേശീയ പാതയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ദേശീയപാതയിലെ പാലങ്ങളുടേയും ഫ്ളൈഓവറുകളുടേയും പേര് വിവരങ്ങളും എന്ത് തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം പാലങ്ങളുടേയും ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കപ്പെട്ടിട്ടുണ്ട്; ഓരോന്നിനും കണക്കാക്കപ്പെട്ട നിർമ്മാണച്ചെലവ് എത്ര; വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട പ്രവൃത്തികൾ ഓരോന്നും എന്ന് ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഏതെല്ലാം നിലയിൽ പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പുനലൂര്‍ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിര്‍മ്മാണം</u>

1213 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുനലൂര്‍ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിര്‍മ്മാണം കെ.എസ്.ടി.പി. യെ എന്നാണ് ഏല്‍പ്പിച്ചത്;

(ബി) ഏത് ധനകാര്യ ഏജന്‍സിയില്‍ നിന്നുമാണ് ഇതിനായി തുക ലഭിക്കുന്നത്; എന്തു തുകയാണ് നിര്‍മ്മാണ ചെലവായി കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത തുക ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇനിയും ഏതൊക്കെ വില്ലേജുകളിലാണ് ഭൂമിയേറ്റെടുക്കാനുള്ളത്; ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ നിര്‍മ്മാണം ടെണ്ടര്‍ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ടെന്നു വിശദമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ നിര്‍മ്മാണം അടിയന്തിരമായി ആരംഭിക്കാന്‍ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കെ. എസ്. ടി. പി. രണ്ടാം ഘട്ട പദ്ധതി</u>

1214 ശ്രീ. എ. പി. അബ്ദുളളക്കുട്ടി
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. രണ്ടാം ഘട്ട പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങ ൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതി

1215 ശ്രീ. മാത്യു.റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു
ശ്രീമതി ജമീല പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതി എന്നാരംഭിക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഏതെല്ലാം റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(ഡി) ഈ പദ്ധതിയ്ക്ക് ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് പണം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) എത്ര കിലോമീറ്റർ ദൂരമാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(എഫ്) രണ്ടാംഘട്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ട അധിക ഭൂമി എത്രയാണ്?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

1216

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം വസ്തുതകളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രോജക്ടിന്റെ നടത്തിപ്പിന് ഏത് തരം പങ്കാളിത്തമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഇ) ഏത് മാതൃകയിലാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റോഡ് അറ്റകുറ്റപണികളുടെ ആവർത്തന ചെലവ്

1217 ശ്രീ. വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റ പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ കാര്യത്തിൽ അവലംബിച്ച രീതി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

1218 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് സ്ഥാപിതമായത്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്:

(ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ക്രിയാത്മകമായ ഇടപെടലുകളാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവിർഭാവത്തോടെ ഉണ്ടായിട്ടുളളത്;

(സി) ഈ സ്ഥാപനം സംസ്ഥാനത്തെ ഇതര ഗവേഷണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുളളത്; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റോഡ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം</u>

T-1219 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡു വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റോഡ് വികസനവും കേന്ദ്ര ഗൈഡ്‌ലൈൻസും

1220

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സെക്ടറിലെ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഇതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പിൽ കേരളത്തിലെ ഏതെല്ലാം റോഡുകൾ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം റോഡുകൾ പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്ത് സ്വന്തം നിലയിൽ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഇ) റോഡു വികസനം സംബന്ധിച്ച ഇന്ത്യാ ഗവൺമെന്റിന്റെ പോളിസി സംസ്ഥാന സർക്കാർ അംഗീകരിക്കന്നുണ്ടോ; ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ; വിയോജിക്കുന്ന മേഖലകൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ചൈനീസ് എക്സ്പ്രസ്സ് ഹൈവേ - പഠനങ്ങൾ

1221 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൈനീസ് എക്സ്പ്രസ്സ് ഹൈവേകളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റോഡുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചൈനയിലെ റോഡ് നിർമ്മാണത്തിലെ സാങ്കേതികവിദ്യ കേരളത്തിലും പ്രായോഗികമാക്കാൻ ധാരണയായിട്ടുണ്ടോ; എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നത്; ഇതിനായി ഏതെങ്കിലും റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ ;

(സി) ഈ മാതൃകയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് എത്ര ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇത് മറ്റ് മാതൃകകൾക്കുള്ള ചെലവിനെക്കാൾ കൂടുതലാണോ ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>സിറ്റി റോഡ് ഇപ്രൂവ്മെന്റ് പ്രോജക്ട്</u>

1222 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത് നടപ്പിലാക്കിവരുന്നത്;

(സി) പ്രസ്തുത പ്രോജക്ട് മറ്റു നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന് ഉദ്ദേശിക്കുന്ന പങ്കാളിത്തം എപ്രകാരമുളളതാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ബീമാപള്ളി ദർഗ്ഗായിലേക്ക് പാർവ്വതീ പുത്തനാറിന് കുറുകെയുള്ള പാലം</u>

1223 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നാഷണൽ ഹൈവേ ബൈപ്പാസിൽ നിന്നും ബീമാപള്ളി ദർഗ്ഗായിലേക്ക് എത്തിച്ചേരുന്നതിന് പാർവ്വതീ പുത്തനാറിന് കുറുകെയുള്ള പാലം പണിയുടെ സ്ഥലമെടുപ്പ് പൂർത്തിയായോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) നിലവിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കി പാലം പണി എന്ന് പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ വാഹനങ്ങളുടെ പാർക്കിംഗിന് ബഹുനില സംവിധാനം</u>

1224 ശ്രീ. വർക്കല കഹാർ
'' കെ. അച്ചുതൻ
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങളുടെ പാർക്കിംഗിനായി ബഹുനില സംവിധാനം നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>ഹിൽ ഹൈവേ പ്രോജക്ട്</u>

1225 ശ്രീ. ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' പി. സി. വിഷ്ണുനാഥ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രോജക്ടുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം പുനരാരംഭിക്കാൻ നടപടി</u>

1226 ശ്രീ.ഐ.സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുടങ്ങിക്കിടക്കുന്ന ദേശീയപാത വികസനം പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ദേശീയ പാതകളിലാണ് വികസനം പുനരാരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര വരി പാതയാണ് ഇതിനായി നിർമ്മിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>റോഡുകളുടെ നിലവാരം ഉയർത്താൻ പദ്ധതി</u>

1227 ശ്രീ. എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് എത്രയാണ്; വിശദമാക്കാമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ആരെല്ലാമാണ് ധനസഹായം നൽകുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റോഡ് വികസന പദ്ധതി

1228 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദേശീയപാത 17 (66) നാലുവരിപ്പാതയായി വികസിപ്പിക്കൽ നടപടി</u>

1229 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത 17 (66) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇനി എവിടെയെല്ലാമാണ് പൂർത്തിയാകാനുള്ളത്;

(സി) നാലുവരിപ്പാത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ ഇ-ടെന്ററിംഗ് ഇ-പേയ്മെന്റ് വിവരം</u>

1230 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് വഴി വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ റോഡ് വികസന പ്രവൃത്തികൾക്ക് വിളിച്ച ടെണ്ടറുകൾ എത്രയാണ്; ഇ-ടെണ്ടറിംഗ് വഴി എത്ര; പത്ര പരസ്യങ്ങളിലൂടെ എത്ര;

(ബി) പൊതുമരാമത്ത് വകുപ്പ് വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ റോഡ് വികസനത്തിനായുള്ള വർക്കുകൾ നടത്തിയ കോൺട്രാക്റ്റർമാർക്ക് നല്കിയ മൊത്തം തുക എത്ര; അതിൽ ഇ-പെയ്മെന്റ് വഴി നല്കിയ തുക എത്ര; അല്ലാതെ നല്കിയ തുക എത്ര;

(സി) ഇ-ടെന്ററിംഗ്, ഇ-പെയ്മെന്റ് സിസ്റ്റം ആരംഭിച്ചതിനു ശേഷം ഇവ വഴിയല്ലാതെ ടെണ്ടറിംങ്ങോ, പെയ്മെന്റോ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ നിര്‍മ്മാണച്ചുമതല വഹിക്കുന്ന പ്രവൃത്തികള്‍</u>

1231 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്റ്റേറ്റ് കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ നിര്‍മ്മാണച്ചുമതല വഹിക്കുന്ന എത്ര പ്രവൃത്തികള്‍ സംസ്ഥാനത്ത് നടക്കുന്നുണ്ടെന്നും ഈ പ്രവൃത്തികളുടെ എഗ്രിമെന്റ് തീയതി എന്നാണെന്നും ഇതിന്റെ സബ് കോണ്‍ട്രാക്ട് ആര്‍ക്കാണ് നല്‍കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കാലാവധി പൂര്‍ത്തീകരിച്ചിട്ടും പണി പൂര്‍ത്തീകരിക്കാത്ത എത്ര പ്രവൃത്തികള്‍ കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ ചുമതലയില്‍ ഉണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ</u>

1232 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ എത്ര തുകയുടേതാണ്;

(ബി) കോർപ്പറേഷന്റെ നിർമ്മാണ പ്രവൃത്തികളിൽ ടെണ്ടർ എക്സസും എസ്റ്റിമേറ്റ് എക്സസും വന്ന വർക്കുകൾ എത്ര;

(സി) 20 ശതമനത്തിൽ കൂടുതൽ ടെണ്ടർ എക്സസ് വന്ന എത്ര പ്രവൃത്തികൾ നടപ്പാക്കുകയുണ്ടായി;

(ഡി) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത എത്ര നിർമ്മാണ പ്രവൃത്തികൾ എൽ വൺ കരാറുകാർക്ക് നൽകാതെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ കോർപ്പറേഷൻ ഏറ്റെടുത്ത എത്ര വർക്കുകൾ പിന്നീട് കോർപ്പറേഷൻ മത്സരാധിഷ്ടിതമായ ടെണ്ടർ വിളിക്കാതെയും അല്ലാതെയും എംപാനൽഡ് കോൺട്രാക്ടർമാരെക്കൊണ്ട് നിർവ്വഹിപ്പിക്കുകയുണ്ടായി; ഇത്തരം വർക്കുകളിൽ ടെൻഡർ എക്സസ് നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏറ്റവും കൂടുതൽ നൽകേണ്ടി വന്ന പ്രവൃത്തി ഏത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകള്‍</u>

1233 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഈ സാമ്പത്തിക വര്‍ഷം എത്ര കിലോമീറ്റര്‍ ഗ്രാമീണ റോഡുകളാണ് ഏറ്റെടുക്കാന്‍ ഉദ്ദേശിക്കുന്നത്;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം എത്ര കിലോമീറ്റര്‍ റോഡ് ഏറ്റെടുത്തിട്ടുണ്ട്, ഇവയുടെ മെയിന്റനന്‍സ് സര്‍ക്കാര്‍ വഹിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റെടുത്ത ഗ്രാമീണ റോഡുകള്‍ക്ക് മറ്റ് ഏജന്‍സികളില്‍ നിന്നും പുനരുദ്ധാരണത്തിന് സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഏതൊക്കെ ഏജന്‍സിയാണ് സഹായം നല്‍കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അമിതവേഗനിയന്ത്രണത്തിന് ഭൂഗർഭ സെൻസറുകൾ</u>

1234 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് ഭൂഗർഭ സെൻസറുകൾ റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര കേന്ദ്രങ്ങളിൽ പ്രസ്തുത ക്രമീകരണം നടത്തുന്നതിനാണ് പരിഗണിച്ചിട്ടുള്ളത്;

(സി) ഏത് ഏജൻസി മുഖാന്തിരമാണ് പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗ്യമാക്കുന്നത്;

(ഡി) നിലവിൽ എന്ത് ചെലവാണ് പ്രസ്തുത ക്രമീകരണങ്ങൾക്കായി കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുനിരത്തുകളിലെ ബോർഡുകളും ഹോർഡിങ്ങുകളും</u>

1235 ശ്രീ.പി.ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിലും പ്രധാന കവലകളിലും വിവിധ സംഘടനകൾ സ്ഥാപിക്കുന്ന ബോർഡുകളും, ഹോർഡിംഗുകളും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ സംഘടനാ പരിപാടികളുടെ കമാനങ്ങളും ബോർഡുകളും പരിപാടി കഴിഞ്ഞാലും മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നടപ്പാതകളുടെ മെയിന്റനൻസ്</u>

1236 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളോടനുബന്ധിച്ചുള്ള ഫുട്പാത്തുകളിൽ കാൽനടയാത്രക്കാർക്കു തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടുളള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഫുട്പാത്തുകളിൽ കച്ചവടവും മറ്റ് പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും നിലവിൽ അറ്റകുറ്റപ്പണികൾ വേണ്ടതായ നടപ്പാതകൾ മെയിന്റനൻസ് നടത്തുന്നതിന് അടിയന്തിര നിർദ്ദേശം നല്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മിതി പദ്ധതി</u>

1237 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന 'ഹരിത നിർമ്മിതി' പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഏജൻസികളുടെ സഹായമാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത് വ്യക്തമാക്കുമോ;

(സി) ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ നയം</u>

1238 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഹരിത നിർമ്മാണ നയം കൂടുതൽ നിർമ്മാണ മേഖലകളിലേയ്ക്ക് വ്യാപിപ്പിയ്ക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഗ്രീൻ ബിൽഡിംഗ് നയം</u>

1239 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ഗ്രീൻ ബിൽഡിംഗ് നയം ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് ഈ നയം ബാധകമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ റോഡുകള്‍ക്ക് ഭരണാനുമതി</u>

1240 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ പൊതുമരാമത്ത് വകുപ്പിന്റെ കീഴില്‍ എത്ര കിലോമീറ്റര്‍ റോഡുകളുണ്ടെന്ന് ഇനംതിരിച്ച് നിയോജകമണ്ഡലം അടിസ്ഥാനത്തില്‍ വിശദമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പ്രസ്തുത റോഡുകള്‍ക്ക് എന്തുതുകയുടെ (പ്ലാന്‍/നോണ്‍ പ്ലാന്‍) ഭരണാനുമതി നല്‍കിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തില്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കായംകുളം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ</u>

1241 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ടു വരി പാതയായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) കായംകുളം ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) കായംകുളം ജ്യുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മംഗലാപുരം മുതൽ വാളയാർ വരെയുള്ള എൻ.എച്ച്.47 പുനർനിർമ്മാണ പ്രവർത്തനം</u>

1242 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മംഗലം പാലം മുതൽ വാളയാർ വരെയുള്ള എൻ.എച്ച്.47 ന്റെ പുനർനിർമ്മാണപ്രവർത്തനം ഏതു പദ്ധതി അനുസരിച്ചാണ് നടക്കുന്നത്;

(ബി) ഇതിന് എസ്റ്റിമേറ്റ് എത്രയാണ്; എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് തൊഴിലാളികൾക്ക് കൂലിയായി കണക്കാക്കിയിട്ടുള്ളത്;

(സി) ഹൈവേയുടെ പണി, തദ്ദേശീയരായ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിശോധിച്ച് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) റോഡ് പണി എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്ലാബുകൾ സുരക്ഷിതമായി പുനസ്ഥാപിക്കാത്തതു കാരണമായുണ്ടാകുന്ന അപകടങ്ങൾ</u>

1243 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിന് മുന്നോടിയായി പൊതുമരാമത്തിന് കീഴിലുള്ള ഓടകൾ വൃത്തിയാക്കിയതിന് ശേഷം സ്ലാബുകൾ സുരക്ഷിതമായി പുനസ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ ഓടകളിൽ വീണ് എത്ര അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇത്തരം അപകടങ്ങൾ സംഭവിച്ചവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നിയമസഭാമണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷൻ ഓഫീസുകളുടെ പുന:സംഘടന</u>

1244 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാമണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷൻ ഓഫീസുകൾ പുന:സംഘടിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുന:സംഘടന എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; അതിന്റെ ഘടനയും, മറ്റ് വിശദാംശങ്ങളും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പേങ്ങാട്ടുകടവിൽ പാലം നിർമ്മാണം</u>

1245 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തിരുവാഭരണ പാതയിലെ പേങ്ങാട്ടുകടവിൽ പാലം നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; എന്നാണ് ഭരണാനുമതി നൽകിയത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഏത് വരെയായിട്ടുണ്ട്; ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; അടിയന്തിരമായി ഇതിന് അനുമതി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>കണമല പാലത്തിന്റെ നിർമ്മാണം</u>

1246

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല - എരുമേലി പാതയിലെ കണമലയിൽ പമ്പാ നദിക്കു കുറുകേ നിർമ്മിക്കുന്ന കണമല പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പാലം നിർമ്മാണത്തിന് എന്തു തുകയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നത്; പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് കരാറിലേർപ്പെട്ടിരിക്കുന്നത്; സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും വിധം ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി മുന്നോട്ടുപോകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(ബി) പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിനായി ഇരുകരകളിലും ഭൂമി പി.ഡബ്ല്യു.ഡി.ക്ക് വിട്ടുകിട്ടിയിട്ടുണ്ടോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം</u>

1247

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാനദിക്കു കുറുകെ നിർമ്മിക്കുന്ന പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം പാലം നിർമ്മാണം പൂർത്തിയാക്കേണ്ടത് എന്നാണ്; പ്രസ്തുത നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടോ;

(സി) സമയബന്ധിതമായി പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുവാനും അതനുസരിച്ച് നിർമ്മാണം പൂർത്തിയാക്കുവാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങല്‍ മണ്ഡലത്തിലേയ്ക്ക് ശുപാര്‍ശ ചെയ്യപ്പെട്ട പ്രവൃത്തികള്‍</u>

1248 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിലുള്‍പ്പെടുത്തി ആറ്റിങ്ങല്‍ മണ്ഡലത്തിലേയ്ക്ക് ശുപാര്‍ശ ചെയ്യപ്പെട്ട പ്രവൃത്തികളുടെ നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) അനുവദിച്ച തുകയ്ക്ക് പൂര്‍ത്തിയാക്കാന്‍ കഴിയാത്ത പ്രവൃത്തികള്‍ ഈ വര്‍ഷം തുടര്‍ന്ന് പൂര്‍ത്തിയാക്കുവാന്‍ സ്വീകരിക്കേണ്ട നടപടിക്രമങ്ങള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണം

1249 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചിരിക്കുന്ന വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണവും, ബിഎംബിസി നിലവാരത്തിലുള്ള ടാറിങ് പ്രവൃത്തികളും ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കോങ്ങാട് മണ്ഡലത്തിലെ പ്രധാന പി.ഡബ്ലിയു.ഡി റോഡുകളുടെ അറ്റകുറ്റപ്പണി

1250 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിന് മുന്നോടിയായി കോങ്ങാട് മണ്ഡലത്തിലെ പ്രധാന പി.ഡബ്ലിയു.ഡി. റോഡുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ;

(സി) എന്തെല്ലാം തരത്തിലുള്ള മരാമത്ത് പണികളാണ് മഴക്കാലമെത്തും മുൻപേ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഇടപ്പള്ളി ജംഗ്ഷനിൽ ഫ്ളൈ ഓവർ</u>

1251 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇതിനായി ഡി.പി.ആർ; തയ്യാറാക്കിയത് ആരാണ്; എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ട്;

(ബി) ആർക്കാണ് ഫ്ളൈ ഓവറിന്റെ നിർമ്മാണ ചുമതല നല്കിയിരിക്കുന്നത്; പ്രവൃത്തിയുടെ ടെണ്ടർ വിളിച്ചിട്ടുണ്ടോ;

(സി) നിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിർമ്മാണത്തിനായി തയ്യാറാക്കപ്പെട്ട ഡി.പി.ആർ. ഏതെല്ലാം ഏജൻസികൾ പരിശോധിക്കുകയുണ്ടായി; വിശദാംശങ്ങൾ
ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കായി തന്നാണ്ടിലെ ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

കൊരട്ടിയിലെ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

1252 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവും, അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കി എന്നത്തേക്ക് ഉത്ഘാടനം നടത്താൻ കഴിയും എന്നറിയിക്കുമോ;

(ബി) കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ സർവ്വീസ് റോഡിൽ നിന്നും അപ്രോച്ച് ഭാഗത്ത് എത്തുവാൻ ചവിട്ടുപടികൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വയറപ്പുഴ പാലം പദ്ധതി</u>

1253 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തളം പഞ്ചായത്തിലെ നെട്ടൂർ, മുളമ്പുഴ എന്നീ കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വയറപ്പുഴ പാലം പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിന്മേൽ നാളിതുവരെ നടന്നിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 'വയറപ്പുഴ പാലം' പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റസ്റ്റ് ഹൗസുകളുടെ ഹൗസ് കീപ്പിംഗ് ജോലി

1254 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ ഹൗസ് കീപ്പിംഗ് ജോലിയും കാറ്ററിംഗും ഇപ്പോൾ ആര് മുഖേന എങ്ങനെയാണ് നടത്തിവരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇത് മറ്റേതെങ്കിലും ഏജൻസിയെ ഏൽപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഏതൊക്കെ റസ്റ്റ് ഹൗസുകളാണ് ഇത്തരത്തിൽ ഏജൻസിയെ ഏൽപ്പിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

അഴിമാവ് കടവ് പാലം നിർമ്മാണം

1255 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക - കയ്പമംഗലം നിയോജകമണ്ഡലങ്ങളിലെ താന്ന്യം എടത്തിരുത്തി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണ നടപടിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പാലത്തിന്റെ നിർമ്മാണ ചുമതല ഏറ്റെടുത്ത കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് പ്രവൃത്തി തുടങ്ങുവാൻ തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാം; അവ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം</u>

1256 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ളി നിയോജക മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ആയൂർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാസങ്ങളായി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ റോഡ് വികസനം</u>

1257 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2010-2011, 2011-2012, 2012-2013 വർഷങ്ങളിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകി എന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ആലപ്പുഴ ജില്ലയിൽ ഓരോ മണ്ഡലത്തിനും പ്രസ്തുത വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിൽ ആറ്റാലക്കടവ് പാലത്തിന്റെ പണി

1258 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആറ്റാലക്കടവ് പാലത്തിന്റെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; ഇനി എന്തെല്ലാം നടപടിയാണ് പൂർത്തിയാക്കാനുള്ളത് എന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം കവടിയാർ ഗോൾഫ് ക്ലബ്ബിനു സമീപം പൊതുവഴി</u>

1259

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാർ ഗോൾഫ് ക്ലബ്ബിനു സമീപം ദേവി നഗർ പ്രദേശത്തേയ്ക്ക് 15 അടി വീതിയിൽ പൊതുവഴി അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവിടെ പൊതുവഴി അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് ജംഗ്ഷന്റേയും അനുബന്ധ റോഡുകളുടേയും വികസനം</u>

1260 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷന്റേയും അനുബന്ധ റോഡുകളുടേയും വികസനം തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പദ്ധതി എന്നു പൂർത്തിയാക്കാനാകും; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് ഓഫീസ് കെട്ടിട നിർമ്മാണം</u>

1261 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പൊതുമരാമത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ സിമന്റ് ഗോഡൗണിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മഞ്ചേരി റോഡ്സ് ആന്റ് ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>മക്കരപറമ്പ ബൈപാസ് നിർമ്മാണം</u>

1262 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 966-ൽ മക്കരപറമ്പ പ്രദേശത്തെ രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം</u>

1263 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള പുതുക്കിയ പ്രൊപ്പോസൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്, കോഴിക്കോട്) റവന്യൂ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിയിലാണ് പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിർമ്മാണപ്രവൃത്തികൾ</u>

1264 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സമാന്തര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും നിർമ്മാണത്തിനായി 42 കോടി രൂപ അനുവദിച്ച ശേഷവും നിർമ്മാണപ്രവൃത്തി തുടങ്ങാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) താണിപ്പുഴയിൽ നിന്നും ആരംഭിച്ച് കാലടി-ആലുവ റോഡ് മറികടന്ന് കാലടി പഞ്ചായത്തോഫീസിന് പടിഞ്ഞാറു വശത്തുകൂടി മറ്റൂർ ഇന്ത്യൻ കോഫി ഹൗസിന് സമീപമുള്ള എം. സി. റോഡിൽ ചേരുന്ന ഈ അലൈൻമെന്റ് നടപ്പിലാക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനെതിരെ തടസ്സവാദം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കാലതാമസത്തിന് ഉത്തരവാദി ആരെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണം</u>

1265 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ പൂർത്തിയാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ എന്താണ് തടസ്സമെന്നും അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ്സിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് പാലത്തിന്റെ നിർമ്മാണം

1266 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് പാലത്തിന്റെ നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നും എങ്കിൽ ഏതു വർഷത്തെ ബജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണത്തിന് എത്ര തുക ചെലവ് വരും എന്നും പാലത്തിന്റെ ഡിസൈൻ ചെയ്യുന്നത് ആരാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജിനു മുന്നിൽ ബസ് ബേ നിർമ്മാണം</u>

1267 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിനു മുന്നിൽ ദേശീയ പാതയിൽ ബസ്ബേ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടങ്കൽ തുക എത്ര; കരാറുകാരൻ ആരായിരുന്നു; പ്രവൃത്തിയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ബസ് ബേ നിർമ്മാണത്തിലെ അഴിമതി, അശാസ്ത്രീയത, അപാകത എന്നിവ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പണി പൂർത്തിയാക്കി കരാറുകാരന് തുക മുഴുവനായും നൽകിയോ; എങ്കിൽ പണി ശരിയായ വിധം നടത്തിയോ എന്ന് പരിശോധിക്കാതെ ബില്ല് മാറി നൽകുന്നതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഗതാഗതത്തിന് തടസ്സമുണ്ടാകും വിധം നിർമ്മിച്ചിട്ടുള്ള ബസ്ബേ ശാസ്ത്രീയമായി പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1268 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെടുന്നതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയതുമായ വെള്ളല്ലൂർ ചന്തവിള-പേരൂർ റോഡ്, ആലംകോട്എച്ച്.എസ്.എസ് -ചപ്പാത്ത്മുക്ക്റോഡ്, വട്ടക്കൈത-കരിമ്പാലോട്- കാട്ടുചന്ത റോഡ്, കിളിമാനൂർ-തുണ്ടിൽ- ഞാവേലിക്കോണം- തോപ്പിൽ-പോങ്ങനാട് റോഡ്, ആലംകോട്-കിളിമാനൂർ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>ധർമ്മടം ചേക്കുപാലം</u>

1269 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ ചേക്കുപാലം അപകടാവസ്ഥയിലായതിനാൽ പുതിയപാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കൊരട്ടിയിലെ റെയിൽവേ അപ്രോച്ച്റോഡ് നിർമ്മാണം</u>

T1270 ശ്രീ.ബി. ഡി. ദേവസ്സി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ റെയിൽവേ ഓവർബ്രിഡ്ജും, അപ്രോച്ച് റോഡ് നിർമ്മാണവും പൂർത്തിയാക്കി എന്നത്തേക്ക് ഉത്ഘാടനം നടത്താൻ കഴിയും എന്ന് അറിയിക്കാമോ;

(ബി) കൊരട്ടി റെയിൽവേ മേൽപ്പാലത്തിന് അടിഭാഗത്ത് അക്വയർ ചെയ്തിട്ടുള്ള സർവ്വീസ് റോഡ് വഴിമുട്ടി നിൽക്കുന്നിടത്ത് ചവിട്ടു പടി നിർമ്മിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പഴുവിൽ പാലം നിർമ്മാണം</u>

1271 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വക പഴുവിൽ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പാലം നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

എഴുപുന്ന - കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

1272 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുപുന്ന - കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ടതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ വ്യക്തമാക്കുമോ;

(സി) നിലവിൽ അപ്രോച്ച് റോഡ് നിർമ്മാണ കരാർ ഏറ്റെടുത്ത കോൺട്രാകറെ ഒഴിവാക്കുവാൻ കാരണമെന്താണെന്നറിയിക്കുമോ;

(ഡി) അപ്രോച്ച് റോഡിൽ സ്ഥലം പി.ഡബ്ല്യു.ഡി. അധികൃതർ നൽകാത്തതിന്റെ പേരിൽ കരാറുകാരനെ ഒഴിവാക്കുന്നതിന്റെ കാരണം അറിയിക്കുമോ;

(ഇ) എന്നത്തേക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ</u>

1273 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് ജോലികൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാം ജോലികൾക്ക് ടെക്നിക്കൽ സാങ്ഷൻ നൽകിയെന്നും, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷം അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പൊതുമരാമത്തു ജോലികളുടെ മുൻഗണനാക്രമവും ആയതിന് ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>മുനമ്പം - അഴീക്കോട് പാലം</u>

1274 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയെ മലബാർ മേഖലയുമായി ബന്ധിപ്പിക്കുന്ന മുനമ്പം-അഴീക്കോട് പാലം നിർമ്മാണത്തിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ പരിസ്ഥിതി പഠന റിപ്പോർട്ട്, പരിസ്ഥിതി ക്ലിയറൻസ് എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ നിർമ്മാണ പ്രവർത്തനം</u>

1275 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിൽ നിർമ്മാണം ആരംഭിച്ച് മുടങ്ങിക്കിടക്കുന്ന ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം ഇപ്പോഴും തടസ്സപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എപ്പോൾ പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് - മാവൂര്‍ റോഡ് നിര്‍മ്മാണം</u>

1276 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് - മാവൂര്‍ റോഡ് നിര്‍മ്മാണത്തിന് മണ്ണ് എടുക്കുന്നതിനായി ഏറ്റെടുത്തിരുന്നതും ഇപ്പോള്‍ ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലങ്ങളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) ഈ സ്ഥലങ്ങളുടെ കസ്റ്റോഡിയന്‍ ആരാണ്;

(സി) ഇത്തരം സ്ഥലങ്ങള്‍ പൊതു കളിസ്ഥലമായി ഉപയോഗപ്പെടുത്തുന്നതിന് അനുമതി നല്‍കാന്‍ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

മാവൂർ റോഡ് നിർമ്മാണത്തിന് ഏറ്റെടുത്ത ഭൂമി

1277 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കാനായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത മാവൂർ വില്ലേജിലെ 52/3എ, 54/2ബി-യിൽപ്പെട്ട 7.8 ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോകുന്നതായി ശ്രദ്ധയിൽക്കെപ്പട്ടിട്ടുണ്ടോ;

(ബി) വകുപ്പിന് ആവശ്യമില്ലാത്ത ഈ ഭൂമി പുതുതായി പ്രഖ്യാപിച്ച സർക്കാർ കോളേജുകൾക്ക് വിട്ടുനൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പെട്ട റോഡുകളുടെ റീടാറിംഗ്</u>

1278 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 10 വർഷമോ അതിൽ കൂടുതൽ കാലമോ റീടാറിംഗ് നടത്താത്ത എത്ര കിലോമീറ്റർ റോഡുകളുണ്ടെന്ന്, നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട പയ്യന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രസ്തുത റോഡുകൾ റീടാറിംഗ് നടത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

1279 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടം ടെണ്ടർ അംഗീകരിക്കുന്ന നടപടി പുരോഗതി, കൊയിലാണ്ടി ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ,; ആസ്തി വികസന ഫണ്ട് - ഉപയോഗിച്ചുള്ള പയ്യോളി ഗവൺമെന്റ് ഹൈസ്കൂളിൽ കെട്ടിട നിർമ്മാണം, എന്നീ പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ അൺഫോർസീൻ എക്സ്പെൻഡിച്ചർ 25% കാണിച്ചത് തിരുത്താൻ ചീഫ് എഞ്ചിനീയർ നൽകിയ കത്തിൽ നടപടി സ്വീകരിക്കുന്നതിന് താമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.എൽ.എ യുടെ സാന്നിധ്യത്തിൽ സൈറ്റ് സന്ദർശിച്ചിട്ട് ഇപ്പോൾ എത്ര മാസമായി എന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ പരിപൂർണ്ണമായ എസ്ററിമേറ്റ്, ഡ്രോയിംഗ്, സൈറ്റ് പ്ലാൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവയെല്ലാം സഹിതം എന്ന് സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാകും; വ്യക്തമാക്കാമോ;

(ഡി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് എന്ന് സമർപ്പിച്ചു; വ്യക്തമാക്കാമോ;

(ഇ) കൊയിലാണ്ടി താലൂക്ക് ഓഫീസിൽ റിക്കാർഡ് റൂം നിർമ്മിക്കുന്ന പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

വലിച്ചാൽ പാലം നിർമ്മാണം

1280 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള വലിച്ചാൽ പാലം പുനർനിർമ്മിക്കുന്നതിനായുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച കേസ് കോടതികളിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അപകടാവസ്ഥയിലുള്ള പാലം പൊളിച്ചുമാറ്റാനും, ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**ചേലക്കര നിയോജക മണ്ഡലത്തിലെ റെയിൽ മേൽപ്പാല നിർമ്മാണം**

1281 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മുള്ളൂർക്കര, പൈങ്കുളം റയിൽവേക്രോസ്സുകളിൽ മണിക്കൂറോളം വാഹന ഗതാഗതം തടസ്സപ്പെടുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള പരിശോധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ രണ്ട് ക്രോസ്സിങ്ങുകളിലും മേൽപാലങ്ങൾ നിർമ്മിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സമയബന്ധിതമായി ഈ രണ്ട് മേൽപ്പാലങ്ങളുടെയും നിർമ്മാണങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡ് നിർമ്മാണം

1282 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 3 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ടാം ഭാഗം (ചാന്നപ്പുര മുതൽ മാതമംഗലം വരെ) ബി.എം ആന്റ് ബി.സി ആക്കി മാറ്റുന്നതിന് തയ്യാറാക്കിയ 345 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കോട്ടക്കീൽക്കടവ് - പട്ടുവം പാലം നിർമ്മാണം

1283 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കോട്ടക്കീൽക്കടവ്-പട്ടുവം പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിലെ മോർച്ചറി കെട്ടിടത്തിന്റെ നിർമ്മാണം</u>

1284 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലെ മോർച്ചറി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം</u>

1285 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂണിൽ പൂർത്തീകരിക്കേണ്ട പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കല്‍പ്പറ്റ ടൗണിലെ ഗതാഗതക്കുരുക്ക്

1286

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതു സംബന്ധിച്ച് നഗരസഭാ ചെയര്‍മാന്റെ നിവേദനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിവേദനത്തില്‍ ആവശ്യപ്പെട്ടിരിക്കുന്ന റോഡുകള്‍ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നെടുങ്ങോലം - ചിറക്കര റോഡിൽ വെള്ളക്കെട്ട്</u>

1287

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ റോഡ് സെക്ഷനിലെ നെടുങ്ങോലം ബ്രിഡ്ജ് - ചിറക്കര റോഡിൽ പുന്നമുക്കിന് സമീപമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിലേയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്; ആയത് എന്നാണ് അനുവദിച്ചത്; എന്തു പ്രവർത്തനം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിൽ വെള്ളക്കെട്ട് മൂലം കാൽനടയാത്രയും ചെറുവാഹനങ്ങളുടെ യാത്രയും അസാദ്ധ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗതാഗതം സുഗമമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പുത്തൻപള്ളി വാർഡിലെ പൊതുമരാമത്തു പ്രവൃത്തികൾ</u>

1288 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ പുത്തൻപള്ളി വാർഡിൽ അടിയന്തിരമായി നിർവ്വഹിക്കേണ്ട പൊതുമരാമത്തു പ്രവൃത്തികളെ സംബന്ധിച്ച് സമർപ്പിക്കപ്പെട്ട നിവേദനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>മുട്ടത്തറ വാർഡിലെ പൊതുമരാമത്തു പ്രവൃത്തികൾ</u>

1289 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വാർഡിൽ അടിയന്തിരമായി നിർവ്വഹിക്കേണ്ട പൊതുമരാമത്തു പ്രവൃത്തികളെ സംബന്ധിച്ച് സമർപ്പിക്കപ്പെട്ട നിവേദനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഈവ്സ് ഓൺ ഇ-ടോയ്ലറ്റ്

1290 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൻ കീഴിൽ 'ഈവ്സ് ഓൺ ഇ-ടോയ്ലറ്റ്' സംവിധാനം എവിടങ്ങളിലൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ പ്രവർത്തന മെച്ചം എന്താണ് ;

(സി) ഒരു യൂണിറ്റിന് എത്ര രൂപയാണ് ചെലവ്;

(ഡി) കൂടുതലായി ഏതൊക്കെ നഗരങ്ങളിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>"ആശ്വാസ് പബ്ലിക് അമിനിറ്റീസ് കമ്പനി"യുടെ പ്രവര്‍ത്തനം</u>

1291

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്‍ കീഴില്‍ "ആശ്വാസ് പബ്ലിക് അമിനിറ്റീസ് കമ്പനി" നിലവില്‍ വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ കമ്പനിയുടെ പ്രവര്‍ത്തന ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കമ്പനി നാളിതുവരെ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്തിയത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഓട്ടോ, ടാക്സി സ്റ്റാന്റുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

1292 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോ, ടാക്സി സ്റ്റാന്റുകൾ കാൽനടക്കാരുൾപ്പടെയുള്ള യാത്രക്കാർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കാത്ത വിധത്തിലാവണം സ്ഥാപിക്കേണ്ടതെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ വാഹനങ്ങൾ റോഡുകളിൽ പാർക്കു ചെയ്യുന്നതുമൂലം കാൽനടക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എങ്ങിനെ പരിഹരിക്കാനാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 04

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]